**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 156** | **21-06-2024 - ൽ മറുപടിയ്ക്ക്**

**ഹൃദയ ശസ്ത്രക്രിയ പുനരാരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ഡോ. മാത്യു കുഴൽനാടൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളജുകളിലും ജനറൽ ആശുപത്രികളിലും ഹൃദയ ശസ്ത്രക്രിയകൾ നിലച്ചിരിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ആശുപത്രികളിൽ നടന്നു വന്നിരുന്ന ഹൃദയശസ്ത്രക്രിയകൾ നിർത്തി വയ്ക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. കാർഡിയോ വാസ്കുലാർ തൊറാസിക് വിഭാഗത്തിൽ കൊറോണറി ആർട്ടറി ബൈപ്പാസ് സർജറി, വാൽവ് റീപ്ലെയ്സ്മെന്റ് സർജറി, പെരിഫറൽ വാസ്കുലാർ സർജറി, ലങ് സർജറി തുടങ്ങിയവ മുടക്കം കൂടാതെ നടന്നു വരുന്നുണ്ട്. കാർഡിയോളജി വിഭാഗങ്ങളിൽ Angioplasty with Stenting, Pacemaker Implantation, ICD Implantation, Device Closure of ASD, VSD and PDA, Balloon Mitral Valvotomy, Peripheral Angioplasty തുടങ്ങിയവയും കാര്യക്ഷമമായി നടന്നു വരുന്നുണ്ട്.<br><br>എന്നാൽ, കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ കാർഡിയോ വാസ്കുലാർ തൊറാസിക് സർജറി ഓപ്പറേഷൻ തിയേറ്ററിൽ അറ്റകുറ്റപ്പണികൾ നടന്നുവരുന്നതിനാൽ നിലവിൽ ഓപ്പറേഷനുകൾ താത്ക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. 2024 ജൂലൈ മാസത്തോടെ പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് ഓപ്പറേഷൻ തിയേറ്റർ അണുവിമുക്തമാക്കാനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുകൊണ്ട് ശസ്ത്രക്രിയകൾ പുനരാരംഭിക്കുന്നതാണ്.<br><br>ആരോഗ്യവകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ജനറൽ ആശുപത്രി, കൊല്ലം ജില്ലാ ആശുപത്രി, പത്തനംതിട്ട ജനറൽ ആശുപത്രി, കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി, തൃശ്ശൂർ ജനറൽ ആശുപത്രി, പാലക്കാട് ജില്ലാ ആശുപത്രി, കോഴിക്കോട് ജനറൽ ആശുപത്രി, |

| | | | |
|---|---|---|---|
| | | | കണ്ണൂർ ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി എന്നിവിടങ്ങളിലാണ് ഹൃദയ സംബന്ധമായ പ്രൊസീജറുകൾ നടത്തി വരുന്നത്. വയനാട്ടും കാത്ത് ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഫണ്ട് അനുവദിക്കാത്തതിനാൽ ചികിത്സ മുടങ്ങുന്ന സാഹചര്യം നിലവിലില്ല. |
| (ബി) | ഹൃദയ ശസ്ത്രക്രിയാ ഉപകരണ വിതരണക്കാർക്ക് പണം നൽകാത്തതാണോ ഈ പ്രതിസന്ധിയ്ക്ക് കാരണമെന്ന് വ്യക്തമാക്കുമോ; | (ബി) | എ പിരിവിന് നൽകിയ പ്രകാരം. |
| (സി) | പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | എ പിരിവിന് നൽകിയ പ്രകാരം. |

സെക്ഷൻ ഓഫീസർ